19988
2019/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതി - നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.596/2017/സാനീവ തീയതി, തിരുവനന്തപുരം14.09.2017

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 17.09.2016 ലെ ഡി1/30886/16 നമ്പർ കത്ത്.
(2) 03/08/2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ജീവിത ദുരിതങ്ങൾക്കിടയിൽ വീർപ്പുമുട്ടുന്ന ട്രാൻസ്ജെന്റർമാർക്ക് അതിജീവനത്തിനായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി പ്രകാരം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അവരുടെ ജില്ലയിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നേടുന്നതിനുള്ള ഫീസ്, താമസം, ഭക്ഷണം എന്നി ചിലവുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് പരിശീലനം പൂർത്തീകരിക്കുന്നതിന് 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് മുൻകൂർ ആയി തുക അനുവദിക്കുന്ന പദ്ധതിയാണിത്. ടി പരിശീലന പരിപാടി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിലേയ്ക്കായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ (14X500000/-) രൂപ ചെലവ് വരുമെന്നും. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) 03/08/2017 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രാൻസ്ജെന്റർമാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി തെരെഞ്ഞെടുക്കുന്ന കോഴ്സുകൾ സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റികൾ സർക്കാർ ഏജൻസികൾ അംഗീകരിച്ചിട്ടുള്ളതായിരിക്കണമെന്ന നിബന്ധനയോടെ, ട്രാൻസ്ജെന്റർമാർക്ക് അതിജീവനത്തിനായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് മുൻകൂർ ആയി തുക അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 70 ലക്ഷം രൂപ (എഴുപതു ലക്ഷം) (14X500000/-) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. മുൻകൂറായി അനുവദിക്കുന്ന തുക ക്രമപ്പെടുത്തുന്നതിന് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി ആന്റണി.ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
ബഹു.ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ